**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1227** — **01-02-2024 - ൽ മറുപടിയ്ക്ക്**

**മരാമത്ത് പണികൾ സമയബന്ധിതമായി പൂർത്തിയാക്കുവാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സി. ആർ. മഹേഷ് | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | കരാർ ഒപ്പിട്ടിട്ടും റോഡുകളുടെ പണികൾ ഉൾപ്പെടെയുള്ള മരാമത്ത് പണികൾ സമയബന്ധിതമായി ചെയ്യുവാൻ കരാറുകാർ തയ്യാറാകാത്തതിനെ തുടർന്ന് പൊതുജനങ്ങൾ ബുദ്ധിമുട്ട് അനുഭവിക്കുന്നത് സർക്കാർ ഗൗരവത്തോടെ കാണുന്നുണ്ടോ; | (എ) | പൊതുമരാമത്ത് പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് വകുപ്പ് കൃത്യമായ ഇടപെടലുകൾ നടത്തുന്നു. കൃത്യമായി പ്രവൃത്തി വിലയിരുത്തുന്നതിന് PWD Mission, DICC, CMT തുടങ്ങിയ സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. പ്രവൃത്തിയിൽ കാലതാമസം ഉണ്ടാകുന്ന ഇടങ്ങളിൽ ആവശ്യമായ ഇടപെടൽ നടത്താറുണ്ട്. പൊതുമരാമത്ത് മാന്വൽ പ്രകാരവും Standard bid document പ്രകാരവും നടപടികൾ സ്വീകരിക്കാറുണ്ട്. |
| (ബി) | കരാറുകാരുടെ കുടിശിക തുക നൽകുന്നതിലെ വീഴ്ചകൾ മൂലമാണോ അവർ ഇത്തരം ഒരു നിലപാട് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; | (ബി) | പൊതുമരാമത്ത് വകുപ്പിലെ കരാറുകാരുടെ ബില്ലുകൾ സംസ്ഥാനതല മുൻഗണനാ ക്രമം പാലിച്ചും സമയക്രമം നിശ്ചയിച്ചും തീർപ്പാക്കി വരുന്നു. ഇപ്രകാരം ബില്ലുകൾ തീർപ്പാക്കുന്നതിന് ആവശ്യമായ അധിക തുക അനുവദിച്ച് ബില്ലുകൾ നിശ്ചിത സമയത്ത് തീർപ്പാക്കി വരുന്നുണ്ട്. അതോടൊപ്പം കരാറുകാരുടെ ബില്ലുകൾക്ക് ബി.ഡി.എസ് സംവിധാനവും നിലവിലുണ്ട്. |
| (സി) | ഫെബ്രുവരി, മാർച്ച് മാസങ്ങളിൽ ത്വരിതഗതിയിൽ മരാമത്ത് ജോലികൾ പൂർത്തീകരിക്കുമ്പോൾ ചെലവഴിക്കുന്ന തുകയ്ക്ക് ആനുപാതികമായ ഗുണനിലവാരം ഉറപ്പാക്കാൻ സാധിക്കാതെ വരുമെന്നതിനാൽ ഇക്കാര്യത്തിൽ അടിയന്തര പരിഹാര നടപടികൾ സ്വീകരിക്കുമോ; വിശദാംശം നൽകുമോ? | (സി) | ഓരോ പ്രവൃത്തിയ്ക്കും ആയതിന്റെ അടങ്കലിനെ അടിസ്ഥാനപ്പെടുത്തി നിശ്ചയിച്ചിട്ടുള്ള പൂർത്തീകരണ കാലാവധിയ്ക്കുള്ളിലാണ് പ്രവൃത്തി പൂർത്തീകരിയ്ക്കേണ്ടത്. ഓരോ പ്രവൃത്തിയ്ക്കും ആവശ്യമായ രീതിയിൽ പല തട്ടുകളിലായി ഗുണ നിലവാര പരിശോധനകൾ നിർബന്ധമാക്കിയിട്ടുണ്ട്. പ്രവൃത്തികളുടെ ഗുണനിലവാര പരിശോധനയ്ക്കായി സംസ്ഥാനത്തെ 3 ജില്ലകളിൽ റീജിയണൽ ക്വാളിറ്റി കൺട്രോൾ ലാബുകളും, 11 ജില്ലകളിൽ ജില്ലാ ക്വാളിറ്റി കൺട്രോൾ ലാബുകളും കൂടാതെ സർപ്രൈസ് ഇൻസ്പെക്ഷൻ നടത്തുന്നതിന്റെ ഭാഗമായി സൈറ്റുകളിൽ വെച്ച് തന്നെ പരിശോധനകൾ നടത്തുന്നതിലേയ്ക്കായി 3 ഓട്ടോമേറ്റഡ് മൊബൈൽ ക്വാളിറ്റി ടെസ്റ്റിംഗ് ലാബുകളും നിലവിലുണ്ട്. |

സെക്ഷൻ ഓഫീസർ